I/80086/2023

വനിതാ ശിശു വികസന വകുപ്പ് ,
ഐ സി പി എസ്,
പൂജപ്പുര ,തിരുവനന്തപുരം
തീയതി :06-02-2023

**പരിപത്രം**

വിഷയം: വനിതാ ശിശു വികസന വകുപ്പ് - ഐ സി പി എസ് -ജീവനക്കാര്യം -ജില്ലാ ശിശു സംരക്ഷണ ഓഫീസ്, CWC,JJB, സർക്കാർ ശിശു ക്ഷേമ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കരാർ ജീവനക്കാരുടെ ആർജ്ജിതാവധി അനുവദിക്കൽ-ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് അനുമതി നൽകുന്നത് സംബന്ധിച്ച്.

സൂചന: 14.09.2021 തീയതിയിലെ ഈ കാര്യാലയത്തിലെ ICPS5/28116/16 നമ്പർ പരിപത്രം.

ഐ സി പി എസിന്റെ ജില്ലാ ഘടകങ്ങളായ ജില്ലാ ശിശു സംരക്ഷണ ഓഫീസ്, CWC,JJB, സർക്കാർ ശിശു ക്ഷേമ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കരാറടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് , അവർ ജോലിയിൽ പ്രവേശിച്ച തിയ്യതി മുതൽ 1/11 എന്ന് കണക്കാക്കി ഒരു വർഷത്തെ സേവന കാലാവധി അവസാനിക്കുന്നതുവരെ പരമാവധി 15 ദിവസത്തെ ആർജ്ജിതാവധിക്ക് KSR APPENDIX VIIII നിബന്ധന ഒന്ന് പ്രകാരം പുറപ്പെടുവിച്ച സൂചന പ്രകാരമുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ അർഹതയുണ്ട് . സൂചന സർക്കുലറിൽ ഇനി പറയും പ്രകാരം ഭേദഗതികൾ വരുത്തുന്നു.

- മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ആർജ്ജിതാവധി അപേക്ഷകൾ (ERANED LEAVE)അതാത് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ പരിശോധിച്ച് അർഹതക്കു വിധേയമായി ലീവ് അനുവദിക്കേണ്ട താണ്
- ആർജ്ജിതാവധി അനുവദിക്കുന്നത് KSR APPENDIX VIIII നിബന്ധന ഒന്ന് പ്രകാരവും ഈ കാര്യാലയത്തിലെ ICPS-5/28116/16നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലും കാലാകാലങ്ങളായി കരാർ ജീവനക്കാരുടെ അവധികൾ സംബന്ധിച്ച് സർക്കാർ പുറത്തിറക്കുന്ന ഉത്തരവുകൾ /സർക്കുലറുകൾ എന്നിവയുടെ അടിസ്ഥാനത്തിലും ആണെന്ന് ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.
- ആർജ്ജിതവധികൾ സമാഹരിച്ചു അനുവദിക്കുവാൻ പാടുള്ളതല്ല . നിലവിലെ കരാർ കാലയളവിൽ ജോലി ചെയ്യു ദിവസങ്ങളിൽ 1/11 എന്ന കണക്കിൽ അർഹതയുള്ള അവധി മാത്രമെ ആർജ്ജിതാവധിയായി അനുവദിക്കാൻ പാടുള്ളു. കരാർ കാലയളവിനു ശേഷം ഈ അവധി അനുവദിക്കുവാൻ പാടുള്ളതല്ല അതായത് കരാർ കാലാവധിക്കുള്ളിൽ തന്നെ ആർജ്ജിത അവധി ഉപയോഗിക്കേണ്ടതാണ്
- ഒരു വർഷ കരാർ കാലയളവിനുള്ളിൽ 15 ദിവസത്തെ ആർജ്ജിതാവധി അനുവദിച്ചിട്ടുള്ള ജീവനക്കാർക്കു തുടർന്ന് അർദ്ധവേതനാവധിക്കു മാത്രമേ അർഹതയുള്ളു . ആയത് അനുവദിക്കുന്നതിനായി അവധി വിവരങ്ങളും മെഡിക്കൽ സർട്ടിഫിക്കറ്റും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ ശുപാർശയും സഹിതം ഉള്ള അപേക്ഷ ഐ സി പി എസ് സ്റ്റേറ്റ് ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ് .

'80086/2023

വനിതാ ശിശു വികസന ഡയറക്ടർ

പകർപ്പ്

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

എല്ലാ ജെ ജെ സ്ഥാപന സൂപ്രണ്ടുമാർക്കും

igned by Priyanka G
ate: 06-02-2023 17:15:41